പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1975

04.05.2017 - ൽ മറുപടിക്ക്

# സഹകരണ വകുപ്പിന്റെ കീഴിലെ അരിക്കടകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.വി. ജോയി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | കേന്ദ്ര സർക്കാർ റേഷൻ വിഹിതം വെട്ടിക്കുറച്ചതിനെ തുടർന്ന് കേരളത്തിൽ അരിവിലയിൽ ഉണ്ടായ ഉയർച്ച നേരിടുന്നതിനായി സഹകരണ വകുപ്പിന്റെ കീഴിൽ എത്ര അരിക്കടകൾ തുടങ്ങിയിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ അരിവിലയിലുണ്ടായ ഉയർച്ച നേരിടുന്നതിനായി കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് 678 അരിക്കടകൾ തുടങ്ങിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത അരിക്കടകൾ ആരംഭിച്ച ശേഷം അരിവിലക്കയറ്റം നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | അരിക്കടകൾ ആരംഭിച്ചശേഷം അരിവിലക്കയറ്റം നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അരിക്കടകളുടെ പ്രവർത്തനം ഫലപ്രദമാണ്. ഇതിന് പൊതുജനങ്ങൾക്കിടയിൽ നല്ല സ്വീകരണമാണ് ലഭിച്ചിട്ടുള്ളത്. ജയ അരിയുടെ വില പൊതുവിപണിയിൽ 50 രൂപയിൽ നിന്നും 32 രൂപയിലേയ്ക്കും, കുറുവ അരിയുടെ വില 46 രൂപയിൽ നിന്നും 36 രൂപയിലേയ്ക്കും, മറ്റ് അരി ഇനങ്ങളുടെ വില ഗണ്യമായ തോതിലും കുറഞ്ഞിട്ടുണ്ട്. ഒപ്പം സുവർണ്ണമസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ